ലക്ഷം രൂപയായിരുന്നു. ഗവൺമെന്റ് സ്കൂളുകളുടെ കാര്യമാണ് പറഞ്ഞത്. ഈ വർഷം അനുവദിച്ച സയൻസ് ബാച്ചുകളുള്ള സ്കൂളുകൾക്ക് ഓരോന്നിനും 1,60,400 രൂപ വീതം ലഭിക്കും. ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനാണ്. പ്രാക്ടിക്കൽ രണ്ടാം വർഷമേ ആരംഭിക്കുകയുള്ളൂ എന്നുള്ളതും പ്രത്യേകം എടുത്തുപറയുകയാണ്. അദ്ധ്യാപകരുടെ കാര്യത്തിൽ, 98-99 വരെ ആകെ സൃഷ്ടിച്ചിട്ടുള്ള ഹയർ സെക്കന്ററി അദ്ധ്യാപകരുടെ തസ്തിക 7293 ആണ്. മറ്റു പോസ്റ്റുകളെ സംബന്ധിച്ച്, ഇപ്പോൾ ഗസ്റ്റ് ടീച്ചേഴ്സ് ആയിട്ടാണ് അവരെ നിയമിച്ചിട്ടുള്ളത്. സ്പെഷ്യൽ റൂൾസിന് ഇപ്പോൾ അവസാന രൂപം നൽകി പി.എസ്.സി.യുടെ അംഗീകാരത്തിനായി നൽകിയിരിക്കുകയാണ് പി.എസ്.സി.യ്ക്ക് അയച്ചുകൊടുത്തപ്പോൾ അവർ ചില കറക്ഷൻസ് ചോദിച്ചു. അതിന് മറുപടി അയച്ചു. ഒരു മാസത്തിനുള്ളിലെങ്കിലും ഈ സ്പെഷ്യൽ റൂൾസിന് അവസാന രൂപം ഉണ്ടാകും. അപ്പോൾ സ്ഥിരം നിയമനത്തിന് പി.എസ്.സി.വഴിയുള്ള നടപടികൾ സ്വീകരിക്കും. സുപ്രീം കോടതിയിൽ ഇതു സംബന്ധിച്ചുള്ള കേസുകൾക്ക് അവസാനരൂപം ഉണ്ടായി. അദ്ധ്യാപകനിയമനത്തെ സംബന്ധിച്ച്, ഗവൺമെന്റ് ഇതുവരെ നടത്തിയ നിയമനങ്ങൾ സാധൂകരിച്ചിട്ടുണ്ട്. ഭാവിയിൽ സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതാണ്. സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് തടസ്സമായി നിന്നത് സുപ്രീംകോടതിയുടെ ഇടപെടൽ ആയിരുന്നു. ഗവൺമെന്റ് എടുത്ത എല്ലാ നടപടികളും അംഗീകരിച്ചുകൊണ്ട് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ ഈ പ്രൈവറ്റ് സ്കൂളുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ ബഹുഭൂരിപക്ഷം പ്രൈവറ്റ് സ്കൂളുകളിലും കെട്ടിടങ്ങൾ തീർന്നിട്ടുണ്ട്. ആദ്യം അനുവദിച്ച 500 സ്കൂളുകൾ വളരെ നല്ല നിലയിൽ തന്നെയാണ് നടക്കുന്നത്. ഈ വർഷം അനുവദിച്ച സ്കൂളുകളെ സംബന്ധിച്ച് ലബോറട്ടറി സൗകര്യങ്ങൾ രണ്ടാം വർഷം മാത്രമേ ആവശ്യമുള്ളൂ എന്നുള്ളതുകൊണ്ട് അതിനുള്ള നടപടികൾ- പി.ടി.എ. എല്ലാം വളരെ ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യം ഒരു വർഷം ഏതാണ്ട് ആറുപതിനായിരത്തോളം വർദ്ധിച്ചിരിക്കുന്ന ഈ പശ്ചാത്തലത്തിൽ 170 കോളേജുകളിലായി നടന്നുകൊണ്ടിരുന്ന കോഴ്സുകളാണ് ഇപ്പോൾ കേരളത്തിൽ 931 ഹൈസ്കൂളുകളിലായി നടക്കുന്നത്. ഗ്രാമപ്രദേശങ്ങളിലെ കുട്ടികൾക്കുപോയി പഠിക്കാനുള്ള സൗകര്യം വർദ്ധിച്ചിരിക്കുന്നു. ഈ സീറ്റുകളിൽ ബഹുഭൂരിപക്ഷവും സയൻസ് ബാച്ചുകളിലാണ് എന്നുള്ളതും പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. അതുകൊണ്ട് ബാക്കിയുള്ള പോസ്റ്റ്ക്രിയേഷന്റെ പ്രശ്നമെല്ലാം ഏറ്റവും വേഗം പരിഹരിക്കപ്പെടും.

(17) ആലത്തൂർ മണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : സർ, സഞ്ചാരയോഗ്യമല്ലാത്തതായിത്തീർന്നിട്ടുള്ള എന്റെ മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട മൂന്നു നാലു റോഡുകളുടെ പുനരുദ്ധാരണനടപടികൾ അടിയന്തിരമായി നടത്തണമെന്നാണ് എന്റെ ആവശ്യം. മുടപ്പല്ലൂർ-മംഗലം ഡാം മണപ്പാടം-കണ്ണമ്പ്ര, കുണ്ടുകാട്-ചിറ്റഴി, കുണ്ടുകാട്-മൂലംകോട്, കണിയമംഗലം-ചെറുകുന്നം തുടങ്ങിയ റോഡുകൾ, ഇതിൽ ഒന്നുരണ്ടു റോഡുകൾക്ക് ബഡ്ജറ്റിൽ പ്രൊവിഷൻ ഉള്ളതാണ്. അതിന്റെ പണി ആരംഭിച്ചിട്ടില്ല. ബസ്സുകൾ റൂട്ട് ക്യാൻസൽ ചെയ്യുന്നതുകൊണ്ടും ട്രിപ്പ് മുടക്കുന്നതുകൊണ്ടും വലിയ ബുദ്ധിമുട്ട് അവിടത്തെ ജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ അനുഭവിക്കുകയാണ്. വളരെ അടിയന്തിരമായി ഈ റോഡുകളുടെ പുനരുദ്ധാരണ നടപടികൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഇരട്ടക്കുളം-വാണിയമ്പാടി മുടപ്പല്ലൂർ-മംഗലം ഡാം കണ്ണമ്പ്ര-മണപ്പാടം കുണ്ടുകാട്-ചിറ്റഴി, കിഴക്കഞ്ചേരി-മൂലംകോട് എന്നീ റോഡുകൾ എല്ലാം തന്നെ ഈ അടുത്ത കാലത്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. എന്നാൽ റോഡിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കണ്ണമ്പ്ര മണപ്പാടം റോഡിന് 47 ലക്ഷം രൂപയ്ക്കും മുടപ്പല്ലൂർ-മംഗലം ഡാം റോഡിന് 50 ലക്ഷം രൂപയ്ക്കും കിഴക്കഞ്ചേരി-മൂലംകോട് റോഡിന് 27 ലക്ഷം രൂപയ്ക്കും ഇരട്ടക്കുളം-വാണിയമ്പാടി റോഡിന് 10 ലക്ഷം രൂപയ്ക്കും കുണ്ടുകാട്-ചിറ്റഴി റോഡിന് 10 ലക്ഷം രൂപയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് താമസിയാതെ നടപടികൾ സ്വീകരിക്കുന്നതാണ്.

(18) സർവീസ് പെൻഷനേഴ്സ് യൂണിയൻ നടത്തുന്ന മാർച്ച്

ശ്രീ. എം. മുരളി : സർ, ഇന്ന് കേരളത്തിലെ മൂന്നര ലക്ഷത്തോളം വരുന്ന പെൻഷൻകാർ അവരുടെ സംഘടനയായ കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ, കഴിഞ്ഞ കാലങ്ങളിൽ ഗവൺമെന്റ് അവർക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാതിരുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലേയ്ക്ക് പ്രതിഷേധ മാർച്ച് നടത്തുകയാണ്. സർ, കെ.എസ്.എസ്.പി. യു. മുന്നോട്ടുവച്ചിരിക്കുന്ന എല്ലാ ആവശ്യങ്ങളും സഭയിൽ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. പലപ്പോഴായി നിയമസഭയ്ക്കകത്ത് ധനകാര്യമന്ത്രി നൽകിയ ഉറപ്പുകളും ഗവൺമെന്റിനുവേണ്ടി മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും നിയമസഭയ്ക്ക് പുറത്തു നല്കിയ ഉറപ്പുകളും പാലിക്കാതിരുന്ന പ്രധാനമായ നാലു പ്രശ്നങ്ങളാണ് പ്രതിഷേധ മാർച്ചിന് കാരണമായത്. ഈ പ്രതിഷേധ മാർച്ചിൽ കെ. എസ്.എസ്.പി.യു. ഉന്നയിക്കുന്ന ആവശ്യം ഒരു മാസത്തെ പെൻഷനുതുല്യമായ തുക ഉത്സവബത്തയായി നൽകണമെന്നത് പെൻഷൻകാരുടെ ഏറ്റവും വലിയ ആവശ്യമായിരുന്നു. ജീവനക്കാർക്ക് ഉത്സവബത്ത ഒരു മാസത്തെ വേതനമാക്കിയപ്പോൾ തങ്ങൾക്കും അത് നൽകണമെന്ന ആവശ്യം 1999 ജൂലൈ 21-ാം തീയതി നിയമസഭയിൽ ഉന്നയിക്കുകയും പെൻഷൻകാരൻ കൂടിയായ ബഹു.ധനകാര്യവകുപ്പു മന്ത്രി ഈ ആവശ്യം തത്വത്തിൽ അംഗീകരിക്കുന്നു എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. നിശ്ചിത ദിവസത്തെ പെൻഷനുതുല്യമായ തുക ഉത്സവബത്തയായി നല്കുമെന്ന് ബഹു.ധനകാര്യമന്ത്രി ഈ സഭയിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് ഉത്സവകാലം കടന്നു പോയി, രണ്ട് ഓണക്കാലം കടന്നുപോയി. ആദ്യത്തെ ഓണക്കാലത്ത് പാർലമെന്റ് തെരഞ്ഞെടുപ്പാണ്, പെരുമാറ്റച്ചട്ടം കാരണം നടപ്പിലാക്കാൻ പറ്റുകയില്ല, എന്നു പറഞ്ഞ് ബഹു.മന്ത്രി ഒഴിഞ്ഞുമാറി. ഈ കഴിഞ്ഞ ഓണക്കാലത്ത് പഞ്ചായത്ത് തെരഞ്ഞെടുപ്പാണ് എന്നുപറഞ്ഞ് ഒഴിഞ്ഞുമാറി. അത് നടപ്പിലാക്കിയിട്ടില്ല. ഒരു മാസത്തെ പെൻഷൻ തുക ഉത്സവബത്തയായി നൽകുമെന്ന് നിയമസഭയ്ക്കകത്തും പുറത്തും പെൻഷൻ സമൂഹത്തിന് കൊടുത്ത വാഗ്ദാനം പാലിക്കാൻ തയ്യാറാകണം. സർ, മറ്റൊരാവശ്യം പെൻഷൻ പരിഷ്ക്കരണത്തിന്റെ പാകപ്പിഴ പരിഹരിക്കണമെന്ന പെൻഷൻ സമൂഹത്തിന്റെ ആവശ്യം നടപ്പിലാക്കുമെന്ന് ബഹു.മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. പെൻഷൻകാർ എമ്പവേർഡ് കമ്മിറ്റിയിൽ നിരവധി മെമ്മോറാണ്ഡങ്ങൾ സമർപ്പിച്ചു. പക്ഷേ ഇതുവരെ ഒരു തീരുമാനവും എമ്പവേർഡ് കമ്മിറ്റി തീരുമാനിച്ചിട്ടില്ല. പെൻഷൻ പരിഷ്ക്കരണത്തിലെ അപാകതകൾ ഇപ്പോഴും പരിഹരിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly